## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4399** **06-03-2023 - ൽ മറുപടിയ്ക്ക്**

## എടരിക്കോട് ടെക്സ്റ്റൈൽസിൽ ലേ ഓഫ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിലെ പൊതുമേഖലാ സ്ഥാപനമായ എടരിക്കോട് ടെക്സ്റ്റൈൽസിൽ ലേ ഓഫ് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എടരിക്കോട് ടെക്സ്റ്റൈൽസ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോവുകയാണ്. അസംസ്കൃത വസ്തുക്കൾ വാങ്ങുവാൻ ഫണ്ട് ഇല്ലാത്തതിനാലും പോളിസ്റ്റർ സ്റ്റോക്ക് തീർന്നതിനാലും മില്ലിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യത്തിൽ 22.02.2023 മുതൽ മില്ല് ലേ ഓഫ് ചെയ്യാൻ മാനേജ്മെന്റ് തീരുമാനിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ. എന്നിവ അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എടരിക്കോട് ടെക്സ്റ്റൈൽസിൽ ആഗോള വിപണിയിലെ മാന്ദ്യത്തിനാലും നവീകരണത്തിന്റെ അഭാവത്താലും രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ ജീവനക്കാരെ ജോലിക്കു നിയോഗിക്കുന്നതു വിലക്കിക്കൊണ്ടുള്ള ബഹു. ഹൈക്കോടതി ഉത്തരവിനാലും 2011 മുതൽ പൂർണതോതിൽ ഉല്പാദനം നടക്കാത്തതി നാലും മിൽ വൻ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. അസംസ്കൃത വസ്തുവായ പരുത്തിയുടെ വില ക്രമാതീതമായി കുതിച്ചുയരുകയും നൂലിന്റെ വില ആനുപാ തികമായി ഉയരാത്തതും കാരണം ടെക്സ്റ്റൈൽ മേഖല കടുത്ത പ്രതിസന്ധി നേരിടുകയും, സ്റ്റാറ്റ്യൂട്ടറി തുകകളായ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്, ഇ.എസ്.ഐ, എന്നിവ അടയ്ക്കാൻ കഴിയാതെ വരുകയും ചെയ്തു. കമ്പോള മാന്ദ്യം കാരണം നൂലിന്റെ വിറ്റുവരവിലൂടെ ലഭിക്കുന്ന തുക അസംസ്കൃത വസ്തുക്കൾ വാങ്ങാൻപോലും തികയാറില്ല. |
| (സി) | തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ. എന്നിവയുടെ കുടിശിക അടയ്ക്കാനുള്ളത് എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ? | (സി) | തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്, ഇ.എസ്.ഐ, എന്നിവയുടെ കുടിശ്ശിക ചുവടെ ഉൾക്കൊള്ളിക്കുന്നു. |

| ക്രമ നം | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഗ്രാറ്റുവിറ്റി | 223.39 |
| 2 | പി.എഫ് | 457.94 |
| 3 | ഇ.എസ്.ഐ | 76.7 |

| | | | | | |
|---|---|---|---|---|---|
| | | | | **ആകെ** | **758.03** |

സെക്ഷൻ ഓഫീസർ